പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4431

28/06/2012 - ൽ മറുപടിക്ക്

## റേഷൻ വ്യാപാരികളുടെ സേവന-വേതന വ്യവസ്ഥകൾ

ചോദ്യം

ശ്രീ.എ.എം.ആരിഫ്

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്.
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) റേഷൻ വ്യാപാരികളുടെ സേവന-വേതന വ്യവസ്ഥകൾ പുന:ക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കേരള സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. | എ) റേഷൻ വ്യപാരികളുടെ സേവനവേതന വ്യവസ്ഥകൾ പുന:ക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കേരള സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ഡീലേഴ്സ് ആലപ്പുഴ ജില്ലാ കമ്മിറ്റിയുടേത് ഉൾപ്പെടെയുള്ള സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 23-08-2011 ലും തുടർന്നും ഭക്ഷ്യ വകുപ്പ് മന്ത്രി റേഷൻ വ്യാപാരി സംഘടനകളുടെ യോഗങ്ങൾ വിളിച്ച് ചേർത്ത് ആവശ്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. |
| ബി) മുൻ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി 28-08-2011-ലെ പത്ര സമ്മേളനത്തിൽ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ചതായി നടത്തിയ പ്രസ്താവന പ്രകാരമുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) 23-08-2011 ലെ യോഗത്തിന്റെ തീരുമാന പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സംബന്ധിച്ച നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ